## മലങ്കര ഓർത്തഡോക്സ്
## സുറിയാനി സഭ

# വി. സൈത്ത്
# കൂദാശ ശുശ്രൂഷ

## ശുശ്രൂഷയുടെ ആരംഭം ❖

ശുബഹോ...........❖ ബലഹീനരും............❖

കാരുണ്യവാനും മനസലിവുള്ളവനുമായ ദൈവമായ കർത്താവേ! പരിശുദ്ധമായ ഈ നേരത്ത് വെടിപ്പിലും വിശുദ്ധിയിലും നിന്നുകൊണ്ട് നിന്റെ കാരുണ്യത്തോട് യാചിപ്പാൻ ഞങ്ങളെ യോഗ്യരാക്കണമെ. സത്യ മായ നിന്റെ വാഗ്ദത്തം പോലെ നീ ഞങ്ങളോടുകൂടെയും, ഞങ്ങളുടെ ഇടയിലും ആയിരിക്കേണമെ. പരിശുദ്ധ ശ്ലീഹന്മാരെപ്പോലെ, വന്ദ്യങ്ങ ളും, ജീവദായകവുമായ നിന്റെ രഹസ്യങ്ങളെ നിറവേറ്റി നിന്നെ സ്തുതിച്ച് പുകഴ്ത്തുകയും ചെയ്യത്തക്കവണ്ണം, ദൈവീകമായ നിന്റെ നൽവരങ്ങ ളുടെ സമ്പത്തിനെ ഞങ്ങൾക്ക് സൗജന്യം ചെയ്യണമെ.

### കുക്കിലിയോൻ ❖ ഏഴാം നിറം ❖

1. നൽകുക നൻമൊഴി മാനസമേ - ഹാ...ഹാ..
അരചനൊടെൻ ചെയ്തികളെ ഞാനുരചെയ്യും

2. ശാസ്ത്രിവരൻതൻ തൂലിക്കയെൻ രസന -ഹാ...ഹാ..
മാനവരെക്കാളതു കമനീയം

3. വർഷിച്ചാൻ കൃപനിൻ അധരത്തിൽ-ഹാ..ഹാ..
എന്നന്നേക്കും ദൈവം നിന്നെ വാഴ്ത്തി

4. വാളരയിൽ കെട്ടുകവീരാ- ഹാ... ഹാ...
വിജയിക്കും നിൻ മാനമതും മഹിമാവും

ശുബഹോ ❖ മെനഓലം ❖

### <u>മാനീസാ</u>

മശിഹായിലെ വിശ്വാസം വഴിയായി
സ്ഥിരമാം പാവന സഭ പാരം!
അട്ടഹസിച്ചുരചെയ്യുന്നു.
അനവരതം സ്തോത്രം മശിഹാ!
മൃതിരഹിതാ പരിശുദ്ധൻ നീ-
ഞങ്ങളെ രക്ഷിച്ചെന്നോനെ!

<u>**മസുമൂർ:**</u> അത് അവന്റെ തലയിന്മേലും അവന്റെ താടിയിന്മേലും ഒലിക്കുന്ന തൈലം പോലെയും ആകുന്നു.

ദാസസ്വരൂപമവൻ പൂണ്ടു-
ദൈവസമം നിറവുള്ളോനായ്
ദിവ്യവര വാസന വീശി

പാരിതിലെല്ലാം നിറവാക്കി
ഞങ്ങൾക്കായ് സ്വയമൊഴിവാക്കിയ നിൻ
ത്യാഗം ശ്രേഷ്ഠം മശിഹാ.

## സ്തീക്കുൻ

ഉപമകളാൽ-ശ്ലേമൂൻ ചൊന്നാനേവം
ചാരുമുഖീ-പാരം നീ ശ്ലാഘിക്കും നിൻ പ്രിയനേവൻ
എൻ നാഥൻ-പതിനായിരമതിലുത്തമനാം
തൻ പൂങ്കാവാണിസ്രായേൽ
ശുഭ്രൻ യാക്കോബിൻ ലതയിൽ
രക്തൻ നറുദീൻ തൈലത്തിൽ
മൃദുലൻ ലബനോൻ കാരകിലിൽ
പാർക്കിലിവൻ-ദൈവസമൻ
വിശ്രുതനാമിവനെ നാം വാഴ്ത്തീടുന്നു

**മസുമൂർ:** നീതിമാൻ എന്നെ പഠിപ്പിക്കുകയും, ശാസിക്കുകയും ചെയ്യട്ടെ. ദുഷ്ടന്മാരുടെ എണ്ണ എന്റെ തലയെ കൊഴുപ്പിക്കാതിരിക്കട്ടെ.

## നിറം: ബ്രിക്ദ്ഹാദിലശ്മായോനേ

ഈശായ്പുത്രനെയഭിഷേകം-
ചെയ്വാൻ തൈലവുമായ്
എത്തിയ ശമുവേലിമർമ്മം
സൂചിപ്പിച്ചുപുരാ
ഉടൽ പൂണ്ടോൻ തൻ സാദൃശ്യം
ദാവീദിൽ ദർശി
ച്ചവനുടയോൻ തൻ അഭിഷിക്തൻ
താനെന്നുര ചെയ്താൻ
കർത്താവേ നീ പരിശുദ്ധൻ
പാരം സ്തുതിയോഗ്യൻ
നാഥാ മാനവജാതിയെ നീ
മാത്രം സ്നേഹിപ്പൂ.
ശുബഹോ ❖ മെനഓലം ❖

## സ്തീക്കുൻ

## നിറം (ആത്ത് ഈസൈക്ക്)

യെറുശലേം നന്ദിനിമാരേ
നഗരങ്ങളിലെ മാനുകളാം

നിബിയന്മാർ മാൻകുട്ടികളാം
വയലുകളിൽ നടകൊണ്ടോരാ
സുവിശേഷകരാം ശ്ലീഹന്മാ-
രെന്നിവരെ പ്രതി ചൊല്ലീടുവിൻ
സംസാരത്താലെൻ പ്രിയനെ
അരുതരുതാരുമുണർത്തരുതേ
എൻപ്രിയരേ! എൻ പ്രിയകാന്തൻ
മതിയാവോളമുറങ്ങട്ടെ
പൂശീടട്ടെൻ തനുവിന്മേൽ-
അൽവായോടൊപ്പം മൂരും
വർഷം പോയി, മഴ മാറി
വന്നുത്ഥാനത്തിൻ വേനൽ
എന്നോടൊത്തുൽഘോഷിപ്പിൻ
മശിഹായെ കീർത്തിച്ചിടുവിൻ
സർവ്വേശാ സ്തുതിയെന്നേവം
കന്യകമാരേ! സ്തുതിചെയ്വീൻ

**മസുമൂർ: നമ്മുടെ ദൈവത്തിന്റെ ഭവനത്തിൽ ഞാൻ മഹത്വമുള്ള സൈത്ത് പോലെയാകുന്നു.**

## സ്തീക്കുൻ

### രാഗം : (സെഹിയോൻ കോട്ടയിൽ)

ഏൻഗദിയിൽ തോട്ടം പാഴായ്
ക്രൂശകിയാം സെഹിയോൻ ശൂന്യം
കഷ്ടത മശിഹായ്ക്കേറ്റിയതാം
ഉന്മാദിനിയാം യൂദജനം
ശൂശാൻ സോത്തീം പേടകമാം
പാത്രം തന്നിൽ സംഭൃതയാം
തൈലം പാവനമാക്കുന്നു
എൻകണവൻ മാനിനുസമാനം
കേഴക്കുട്ടിക്കനുരൂപൻ
പരിമളമലയിലവൻ നിന്നി-
ട്ടുത്സാഹത്തൊടു ചാടുന്നു.
ഹെർമ്മോൻ ഹെബ്ശോനദ്രികളെ
വെല്ലും മട്ടിൽ തുള്ളുന്നു.
ശീലോംകാരിയബീശഗഹോ
ദാവീദുരാജനെ നോക്കുംപോൽ

പരിപാവനയാം തിരുസഭയാൾ
മശിഹായെ പ്രേമിക്കുന്നു.
എല്ലാവരുമൊരുപോൽ ഞങ്ങൾ
മശിഹായെ കീർത്തിക്കുനന്നു.

## സ്തീക്കുൻ

## അത്തീസൈക്കുതലിയോ

എൻപ്രിയ മണവാളാ നിന്നെ
തരുണികളേറ്റം സ്നേഹിച്ചു
നിൻകൃപ വീഞ്ഞിലുമുൽകൃഷ്ടം
ധാർമ്മികർ നിന്നെ സ്നേഹിച്ചു.
നാരികളെ നേരുള്ളോരേ
നീ സ്നേഹിച്ചതുമോർക്കണമേ
ശൂശാനകളിൽ മരുവും നീ
ആപ്പിൾ കനിയൊടു സന്നിഭനാം
നിബികളിലും ദേവാത്മജരാം
ശ്ലീഹരിലും നീ രമണീയൻ
നോക്കി പാർത്തേൻ നിൻപേർക്കായ്
നിന്നുടെ തണലിലിരുന്നേൻ ഞാൻ
നിൻ സുവിശേഷം കാത്തഥ നിൻ
ഉൺമയെ സ്തുതി ചെയ്തീടുന്നു

## രാഗം : യൌമോക്കുലോക്കുദോമേ

പാപിനിയാൾ ശീമോൻ ഭവനം പൂകി
കരതാരിൽ തൈലപാത്രവുമേന്തി
മോദകരം പരിമളവർഗ്ഗം പൂശി
പാപങ്ങൾക്കെല്ലാം നേടി മുക്തി
നരരെയിളക്കീടും മിഴിയാൽ വീശി
മിഴിനീരാലവൾ നിൻപാദം തോർത്തി
പ്രീതി വിടന്നേകാൻ സ്വന്തം മെയ്യിൽ
സുരഭിലമാം പരിമളതൈലം തേച്ചോൾ
പടവതിൽനിന്നും ദുർവ്യാപാരംപോൽ
മേത്തരമാം തൈലം ജീവപ്രദമാം
നിൻതലയിൽ വാർന്നിട്ടഭിഷേചിച്ചു
സകലത്തിന്നുടയോനേ സ്തോത്രംതേ.

## പ്രാർത്ഥന

എന്റെ കർത്താവേ! ഈ നേരത്ത് ഞങ്ങളുടെ ശുശ്രൂഷ കൈക്കൊള്ളണമേ. ആ പാപിനിയുടെ കണ്ണുനീർ നീ സ്വീകരിച്ച് അവളുടെ കടങ്ങൾ നീ ക്ഷമിച്ചതുപോലെ ഞങ്ങൾ നിന്നെയും, നിന്റെ പിതാവിനെയും ജീവനുള്ള നിന്റെ പരിശുദ്ധറൂഹായേയും സ്തോത്രം ചെയ്യുവാൻ തക്കവണ്ണം ഞങ്ങളുടെ കടങ്ങൾ പരിഹരിക്കേണമെ.

ഹോശോ...

## സ്തീക്കുൻ

### രാഗം: സെഹിയോൻ കോട്ടയിൽ

ആലയമകിലാൽ നിർമ്മിച്ചു
ശയ്യനിനക്കു വിരിച്ചോനാർ?
ആയുധമരയിൽ കെട്ടിക്കൊ-
ണ്ടിരമതിൽ നിന്നെ കാത്തീടും
അറുപതു വീരഭടന്മാരെ
നേടിയതെങ്ങുന്നാ ശ്ലേമൂൻ
നിന്നുടെ കവിളൊടു വാർമുടിയും
സഹദേൻമാരുടെ രക്തത്താൽ
സമലംകൃതമാണധരത്തിൽ
കർത്താവിൻ തിരുവചനങ്ങൾ
നിന്നധരം മധുചൊരിയുന്നു
ശയ്യവിരിച്ചതു താതൻ താൻ
നിലയം തീർത്തതു തനയനുമാം
സ്തുതിചെയ്യുന്നെൻ പ്രിയനെ ഞാൻ
അറുപതു വീരന്മാർ കുരിശിൻ
സേവകരാമിടയന്മാരാം
ദുഷ്ടചെന്നായ് ചതിയിൽ നി-
ന്നവരെന്നെ കാത്തീടുന്നു.
വാളാൽ മൃതിയവരേൽക്കുകയാൽ
ശാന്തി ജഗത്തിനു കൈവന്നു
പീഢകളാം കഷ്ടപ്പാടിൽ
അവരുടെ ശയ്യ വിരിച്ചതുമാം
അവരുടെ പങ്കപ്പാടുകളാൽ
സഭയാം ഞാൻ പണിയപ്പെട്ടു.

മധുരിമചൊരിയും തൻ മൊഴികൾ
അവരേ മടുകമതണിയിച്ചോൻ
വാഴ്ത്തപ്പെട്ടവനാകുന്നു

**മസുമൂർ: ദൈവമേ! നിന്റെ കൃപപോലെ.......**

## ഗീതം

1. പാപികളെ തേടാനെത്തിയ നാഥാ!
നിൻകൃപയാലെ ഞങ്ങളെ ഏറ്റണമേ
ദേവാ ദയ ചെയ്തീടണമേ
2. ഭക്തിയൊടാ-സ്രാപ്പികൾ കാദീശാർപ്പോൻ
പാപിനിയാൽ തൈലം പൂശപ്പെട്ടു
ദേവാ ദയ ചെയ്തീണമേ
3. പാപിനിയാൾ തൈലം വിൽക്കുന്നോനിൽ
നിന്നും വാങ്ങി-പുത്രൻ തൻ കാൽ-
പൂശീട്ട-വളവയെ ചുംബിച്ചു
4. ശെമഓൻ തൻ ഭവനം തന്നിൽ കർത്താ
വുള്ളതറി-ഞ്ഞവിടെ പോയ് പൂശീ കാ-ലുകൾ
ദേവാ ദയ ചെയ്തീടണമേ
5. പാപി സ്ത്രീയുടെ കണ്ണീരേറ്റോനാം
മശിഹായേൽക്കുക പ്രാർത്ഥന കർമ്മ-ങ്ങളെ
ദേവാ ദയ ചെയ്തീടണമേ
6. പാപി സ്ത്രീ എന്നതുപോൽ പാപങ്ങൾ
പോക്കുക നീ നിന്നുടെ ബഹു കൃപയാ-ലെ
ദേവാ ദയ ചെയ്തീടണമേ
7. പാപിനിയാലെ പൂശപ്പെട്ടോനേ-
നിൻഹസ്തം നീട്ടി വാഴ്ത്തുക തൈ-ലം
ദേവാ ദയ ചെയ്തീടണമേ
8. നിൻ ശരണേ നിദ്രിതരാം നിൻ ഭക്തർ
ശോഭനഗേഹെ നിൻ കൂടെ വസിച്ചീട-ണമെ
ദേവാ ദയ ചെയ്തീടണമേ

ബാറെക്മോർ....

ശുബഹോ.... മെനഓലം....

9. സ്തുതി താതന്നും ഏകൻ തനയന്നും
പവനറൂഹായ്ക്കും സ്തുതി സ്തോത്ര-ങ്ങൾ
ദേവാ ദയ ചെയ്തീടണമേ.

## OR

### ഗദ്യം

1. പാപികളെ അമ്പേഷിപ്പാനായി വന്നവനായുള്ളോവേ! ബഹുലമായ നിന്റെ കൃപയാൽ ഞങ്ങളെല്ലാവരെയും കൈക്കൊള്ളണമെ. ദൈവമേ! ഞങ്ങളുടെ മേൽ അനുഗ്രഹം ചെയ്യണമെ.

2. സ്രോപ്പേൻമാർ ഭയഭക്തിയോടുകൂടി കാദീശ് പാടുന്നവന്റെ കാലുകളെ പാപിയായ സ്ത്രീ തൈലം കൊണ്ട് അഭിഷേകം ചെയ്ത ദൈവമേ! ഞങ്ങളുടെ മേൽ അനുഗ്രഹം ചെയ്യണമേ.

3. പാപിയായ സ്ത്രീ തൈലക്കാരന്റെ അടുക്കലേക്ക് പോയി ദൈവപുത്രനെ പൂശുവാനായി തൈലം വാങ്ങി. ദൈവമേ! ഞങ്ങളുടെ മേൽ അനുഗ്രഹം ചെയ്യണമേ.

4. നമ്മുടെ കർത്താവ് ശെമഓന്റെ ഭവനത്തിലുണ്ടെന്ന് അവൾ കേട്ടപ്പോൾ അവന്റെ കാലുകൾ പൂശി അവളുടെ കടങ്ങൾക്ക് പരിഹാരം പ്രാപിപ്പാനായി അവൾ തന്റെ അടുക്കലേക്ക് പോയി. ദൈവമേ! ഞങ്ങളുടെ മേൽ അനുഗ്രഹം ചെയ്യണമേ.

5. പാപിനിയുടെ കണ്ണുനീരുകളെ കൈക്കൊണ്ടവനായ മശിഹാ സുതനേ! ഞങ്ങളുടെ ശുശ്രൂഷ കൈക്കൊണ്ട് ഞങ്ങളുടെ പ്രാർത്ഥനകൾ കേൾക്കണമെ. ദൈവമേ! ഞങ്ങളുടെമേൽ അനുഗ്രഹം ചെയ്യണമെ.

6. ഞങ്ങളുടെ കർത്താവേ! പാപിനിയോടെന്നവണ്ണം ഞങ്ങളോട് കരുണചെയ്ത് ബഹുലമായ നിന്റെ ആർദ്രതയാൽ ഞങ്ങളുടെ കടങ്ങൾ മോചിക്കേണമെ. ദൈവമെ! ഞങ്ങളുടെമേൽ അനുഗ്രഹം ചെയ്യണമെ.

7. പാപിനിയുടെ കൈകളാൽ അഭിഷേകം ചെയ്യപ്പെട്ടവനായുള്ളോവേ! ഈ എണ്ണമേൽ നിന്റെ തൃക്കൈ ആവസിപ്പിക്കേണമെ. ദൈവമേ! ഞങ്ങളുടെമേൽ അനുഗ്രഹം ചെയ്യണമെ.

8. ഞങ്ങളുടെ കർത്താവേ! നിന്റെ ശരണത്തിന്മേൽ നിദ്ര പ്രാപിച്ചിട്ടുള്ള നിന്റെ ഭക്തർ പ്രകാശമണവറയിൽ നിന്നോടുകൂടി ഇമ്പപ്പെടുമാറാകണമെ. ദൈവമേ! ഞങ്ങളുടെമേൽ അനുഗ്രഹം ചെയ്യണമെ.

ബാറെക്മോർ.....

ശുബഹോ..... മെനഓലം...

9. പിതാവിന് സ്തുതി. പുത്രന് സ്തോത്രം. പരിശുദ്ധ റൂഹായ്ക്ക് ബഹുമതിയും ആരാധനയും. ദൈവമേ! ഞങ്ങളുടെമേൽ അനുഗ്രഹം ചെയ്യണമേ.

സ്തൗമെൻകാലോസ്...

കുറിയേലായിസ്സോൻ....

## പ്രൊമിയോൻ

വന്ദിക്കപ്പെട്ടതും, സ്തുതിക്കപ്പെട്ടതും, സാരാംശത്തിൽ രാജകീയവും, മഹത്വത്തിലും പ്രകൃതത്തിലും സമവും, ലോകത്തിന് ഉപരിയും, കാലത്തിന് അതീതവും, ജ്ഞാനത്തിന് അപ്പുറവും, സൃഷ്ടിയല്ലാത്തതും, കാണപ്പെടുവാൻ പാടില്ലാത്തതും, സ്പർശിക്കപ്പെടുവാൻ കഴിവില്ലാത്തതുമായി, വന്ദനീയമായ ഏക ഐക്യത്തിൽ ആരാധിക്കപ്പെടുകയും, ശുശ്രൂഷിക്കപ്പെടാവുന്ന ആ ഐക്യത്തിൽ തന്നെ തനിയതായി നമുക്കുവേണ്ടി ശുദ്ധതയുടെ ശുദ്ധസ്ഥലത്തേക്ക് പ്രവേശിക്കുകയും, തന്നെപ്പറ്റിയുള്ള പരിശോധനയിൽ നിന്നും നിരീക്ഷണത്തിൽ നിന്നും സൃഷ്ടിയെല്ലാം പുറത്ത് അവശേഷിക്കുകയും, പിതാവും പുത്രനും വിശുദ്ധറൂഹായുമായി വിശ്വസിക്കപ്പെടുകയും അറിയപ്പെടുകയും സ്തുതിക്കപ്പെടുകയും ചെയ്യുന്ന ത്രിത്വമായ പിതാവിനും പുത്രനും പരിശുദ്ധറൂഹായ്ക്കും സ്തുതി. ദൈവികമായ സൈത്തെണ്ണ കൂദാശ ചെയ്യപ്പെടുന്ന ഈ നേരത്തും...... തന്നെ നാം വന്ദിക്കുകയും, സ്തുതിക്കുകയും പുകഴ്ത്തുകയും കീർത്തിക്കുകയും ചെയ്യണം. ബ്കുലഹൂൻ.....

## സെദ്റാ

സാരാംശപ്രകാരമുള്ള ജ്ഞാനവും, ഇന്ദ്രിയ വിഷയകവും ബുദ്ധിഗോചരവുമായ സ്വർഗ്ഗീയ ബോധങ്ങളെ പ്രകാശിപ്പിക്കുന്നവനും പ്രകൃതം, പ്രകാശനം, സ്വയാനുഭവതയില്ലാത്ത സൗരഭ്യവാസന, അഭിവാഞ്ച, തെറ്റില്ലായ്മ എന്നിവകളിൽ സാരാംശപ്രകാരവും നിത്യമായും ഉപരിസ്ഥിതനും നീതിമാൻന്മാരുടെയും പുണ്യവാന്മാരുടെയും ആത്മാക്കളാകുന്ന, ജ്ഞാനവിഷയകമാകുന്ന യുവമതികളുടെ ഘ്രാണവും സൗഭാഗ്യ ജീവശ്വാസവും തന്റെ ജഢത്തിലുള്ള പ്രത്യക്ഷതയുടെ പ്രദർശനത്തെ, രക്ഷാകരമായ തന്റെ ആഗമനത്തിന്റെ സ്വാഭാവികമായ ദൃഷ്ടാന്തങ്ങളാലും, ഉപമകളാലും നമ്മുടെ രക്ഷയ്ക്കുവേണ്ടി പരിശുദ്ധ പിതാക്കന്മാർക്ക് വെളിപ്പെടുത്തി കാണിച്ചവനും, തന്റെ ക്നൂമായിൽ ഉന്നതനായിരിക്കുമ്പോൾ, ആത്മീയാഭിഷേകത്താൽ ദേവാലയത്തിന്റെ പുതുക്കത്തിനും സ്ഥിരതയ്ക്കുമായി പഴയനിയമ രഹസ്യങ്ങളെ നിറവേറ്റിയവനും, ഇന്നേ ദിവസം പ്രധാനാചാര്യന്റെ കൈകളാൽ പൂർത്തീകരിക്കപ്പെടുന്നതായ ഈ എണ്ണയെ, നീതിമാനും പുണ്യവാനുമായ നോഹിന് പ്രാവ്വശം അയയ്ക്കപ്പെട്ടതായ സൈത്തില കൊണ്ട് ഞങ്ങൾക്ക് ദൃഷ്ടാന്തമായി മുമ്പുകൂട്ടി രൂപപ്പെടുത്തിയവനുമായ ഞങ്ങളുടെ മശിഹാതമ്പുരാനേ! ഗോത്ര തലവനും, പിതൃതലവരിൽ മൂന്നാമനുമായ യാക്കോബ്, തനിക്ക് തലയിണയായി ഒരു കല്ല് വച്ച് രഹസ്യസൂ

ചകമായ എണ്ണ അതിന്മേൽ ഒഴിച്ചതുമൂലം ഈ പരിശുദ്ധമായ എണ്ണയെ മുമ്പുകൂട്ടി രൂപപ്പെടുത്തുകയും, പരിപൂർണ്ണമായി പണിയപ്പെട്ടിരിക്കുന്ന ഈ ആലയത്തിന്റെ ആത്മീയ പുതുക്കത്തെയും അഭിഷേകത്തെയും ദൃഷ്ടാന്തമായി ഞങ്ങൾക്ക് കാണിക്കുകയും ചെയ്തു. നിബിയന്മാരിൽ തലവനായ മൂശ മുഖാന്തിരം സൗരഭ്യമുള്ള മേൽത്തരമായ സുഗന്ധം, മൂര്, കറുവ എന്നിവയാൽ പൂർത്തീകരിച്ച ആ തൈലം, ഈ എണ്ണയെ ഞങ്ങൾക്കായ് രൂപപ്പെടുത്തി, രാജാക്കന്മാരും പ്രധാനാചാര്യന്മാരും നിബിയന്മാരും മൂശമുഖാന്തിരം ക്രമീകരിക്കപ്പെട്ട സഭയിൽ കൂടാര ശുശ്രൂഷോപകരണങ്ങളും ഏതൊന്നിനാൽ ദൃഷ്ടാന്തപരമായി അഭിഷേകം ചെയ്യപ്പെട്ടുവോ ആ പ്രവാചക പരിമള കൊമ്പ്, ഇപ്പോൾ പൂർത്തീകരിക്കപ്പെടുന്നതായ ഈ പരിശുദ്ധ തൈലത്തെ തന്നെ മുമ്പുകൂട്ടി ഞങ്ങൾക്കായി രൂപപ്പെടുത്തി; അനുതാപികളെ സ്വീകരിക്കുന്നവനായ ഞങ്ങളുടെ രക്ഷകന്റെ തലമേൽ, പാപിനിയാൽ ഒഴിക്കപ്പെട്ടതായ തൈലം മുഖാന്തിരം, ഇപ്പോൾ കൂദാശ ചെയ്യപ്പെടുന്നതായ ഈ പരിശുദ്ധ എണ്ണ ചിത്രീകരിക്കപ്പെട്ടു: ഇപ്പോൾ പരിപൂർണ്ണമാക്കപ്പെടുന്ന ഈ പരിശുദ്ധ തൈലത്തെ ദൈവികവും, ദൈവകൃപയുടെ മക്കളെ ശുദ്ധീകരിക്കുന്നതും, സകല എണ്ണകളിലും വച്ച് പരിമളവാസനയുള്ളതുമായ എണ്ണ ദൃഷ്ടാന്തപ്പെടുത്തി. ആത്മീയ മണവാട്ടിയായ വിശുദ്ധ സഭ, മഹത്വത്തോടും ഓഫീർവസ്ത്രമണിഞ്ഞും, ആത്മീയ രജതം ചാർത്തിയും നിന്നുകൊണ്ട് ദാവീദിനെപ്പോലെ അവൾക്ക് വിവാഹം പറഞ്ഞ് നിശ്ചയിച്ചിരിക്കുന്ന മണവാളനോടും: "നിന്റെ ദൈവമായ കർത്താവ്, ഇതു നിമിത്തം നിന്റെ സഹോദരന്മാരെക്കാൾ അധികമായി ആനന്ദതൈലം കൊണ്ട് നിന്നെ അഭിഷേകം ചെയ്തിരിക്കുന്നു" എന്ന് അട്ടഹസിച്ചുപറയുന്നു. ഞങ്ങൾ മുമ്പുകൂട്ടി അതുകൊണ്ട് അഭിഷേകം ചെയ്യപ്പെടുകയും ആത്മീയമക്കളുടെ ഗണത്തിൽ എണ്ണപ്പെടുകയും ചെയ്തിരിക്കുന്നു. അതിന്റെ നവീകരണത്തിന്റെ ഈ പരിശുദ്ധ പെരുന്നാളിൽ ഞങ്ങൾ ആത്മീയ സന്തോഷത്താൽ പ്രശോഭിച്ചുകൊണ്ട് ആനന്ദം നിറഞ്ഞ ഏകശബ്ദത്തിൽ അട്ടഹസിച്ചു പറയുന്നു. "അഹോ! ഇത് ശക്തിയിൽ നിന്ന് ശക്തിയിലേക്ക് രൂപാന്തരപ്പെട്ടിട്ടുള്ള പരിമളതൈലവും, പുതിയ നിയമത്തെ പുതുക്കുന്ന ദൈവീകതൈലവും, ദൈവത്വത്തിന്റെയും മനുഷ്യത്വത്തിന്റെയും രഹസ്യമാകുന്ന ഇരട്ടവ്യവസ്ഥിതിയുള്ള പരിശുദ്ധതൈലവും, ദൈവീകൃപയുടെ മക്കൾ അഭിഷേകം ചെയ്യപ്പെട്ടിരിക്കുന്ന ദിവ്യതൈലവും, ദിവ്യമായ പൂർത്തീകരണത്തെ രഹസ്യസൂചകമായി കാണിച്ചുതരുന്ന ദിവ്യതൈലവും, വിശ്വാസികളായ മക്കളെ ശുദ്ധീകരിക്കുന്ന പരിശുദ്ധ തൈലവുമാകുന്നു". കർത്താവേ! നിന്റെ ആർദ്രതയുടെ അവർണ്ണനീയ സമ്പത്തിനോട് ഇപ്പോൾ ഞങ്ങൾ അപേക്ഷിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യുന്നു. തകർന്നതും അനുതാപമുള്ളതുമായ ഹൃദയം മൂലം തിരുമുമ്പാകെ

ഞങ്ങൾ കരുണ കണ്ടെത്തുമാറാകണമെ. ഉത്തമനായുള്ളോവേ! ഞങ്ങളോട് നീ ഉത്തരമരുളിച്ചെയ്ത് ഞങ്ങളുടെ മേൽ കരുണ ചെയ്യണമേ. കാരുണ്യവാനായ കർത്താവേ! നിന്റെ ജനത്തോട് ദയ ചെയ്യണമെ. നിന്റെ അവകാശത്തിൽ നിന്നും പിന്തിരിഞ്ഞുകളുകയുമരുതേ. എന്നാലോ, കർത്താവേ! നിന്റെ ആർദ്രതയിൽ നീ തിരിഞ്ഞ് നിന്റെ കൃപയുടെ ബഹുലതയിൽ ഞങ്ങളുടെ കടങ്ങളെ പരിഹരിക്കണമെ. ഞങ്ങളുടെ അധർമ്മം നിമിത്തം ഞങ്ങൾ തിന്മ അനുഭവിച്ചിട്ടുള്ള ഞെരുക്കങ്ങളുടെ കാലങ്ങളും സംവത്സരങ്ങളും ഞങ്ങളിൽനിന്നും കടത്തിക്കളയണമെ. മനം മാറ്റമില്ലാത്ത നിന്റെ ബഹുലമായ കരുണയെ പാപികളായ ഞങ്ങളുടെമേൽ വസിപ്പിക്കുമാറാകണമേ! നിന്റെ ശ്രേഷ്ഠതയുടെ ഭയങ്കരസിംഹാസനത്തിൻ മുമ്പാകെയുള്ള സ്വാതന്ത്ര്യത്തിന് ഞങ്ങളെ യോഗ്യരാക്കണമേ. അങ്ങിനെ കടന്നുപോകാത്തതും, എന്നേക്കും നിലനിൽക്കുന്നതുമായ പെരുനാളുകളിൽ ഈറേന്മാരുടെ സംഘത്തോടുകൂടി ഞങ്ങൾ നിലനിന്നുകൊണ്ട്, പുതിയ മഹത്വത്തിൽ അവരോടു കൂടി സന്തോഷിക്കുമാറാകണമെ. ഞങ്ങളും ഞങ്ങളുടെ മരിച്ചുപോയവരും പരിശുദ്ധ സഭയുടെ സകല പ്രജകളും സത്യത്തിന്റെ മണവാളനും പരിശുദ്ധന്മാരുടെ പ്രത്യാശയുമായ നിനക്കും, ഞങ്ങളുടെ രക്ഷയ്ക്കായി നിന്നെ അയച്ച വന്ദനീയനും അദൃശ്യനുമായ നിന്റെ പിതാവിനും, പരിശുദ്ധനും ജീവൻ നൽകുന്നവനും  സൗഭാഗ്യജീവിതദാതാവുമായ പരിശുദ്ധറൂഹായ്ക്കും ആരാധനയും സ്തുതിയും പുകഴ്ചയും അർപ്പിക്കുമാറാകണമെ.

ഹോശോ......

**പാട്ട് : ഏനോനോ നുഹറോ ശാറീറോ.**

**നിറം-7**

ഹാ-ഹാ-തൈലം കൊണ്ടെൻതല
അഭിഷേകം ചെയ്യണമെ
എന്നുടെ പാനപാത്രം
ജീവൻ കൊണ്ടെന്നതുപോൽ നുരച്ചീടും

**ഗാനം. നിറം- 7**

1. ഈശായ്-ന-ന്ദനനാം ദാ-വീദിനെ
ഇസ്രായേൽ രാജാ-വാ-ക്കി
അഭിഷേകം-ചെയ്തോനാം നാഥാ!
ആ തൈലം പൂശീ-മോശ
തൻ സോദരനാമ-ഹ-റോനെ
ശുദ്ധസ്ഥലമതിലേ-ക്കാ-യി
തൽ ശുശ്രൂഷക്കാ-യ് ത-ന്നെ

പാപി-നിയുടെ തൈലം-പോലെ
ഈ തൈലം വാഴ്ത്തീ-ട-ണമെ.
2. ശക്തിയെഴും-ഗിരിയതിനെക്കാളും
പ്രഭയുള്ളോരഭിഷി-ക്തൻ നീ
പാപിനിതൻ-തൈലത്തെ വാഴ്ത്തി
അവളോടേവം താൻ-ചൊ-ന്നു.
നിന്നുടെ കടഭാരം-നീ-ങ്ങി
നിന്നുടെ തെറ്റുകൾ മാ-യി-ച്ചു
വാഴ്ത്തീടണമീ തൈലത്തെ
തന്മൂലം പാപം പോക്ക
ഇവയാൽ പൂശപ്പെടുവോർക്കും
ബാറെക്മോർ.... ശുബഹോ....
3. ഉയരത്തീ-ന്നെത്തിയഹോ ഭൂവിൽ
തൻ ജീവനവചനം നൽകാൻ
മാനവരെ-ജീവനവചനത്താൽ
വീശിയെടുത്തോനേ-സ്തോ-ത്രം
ഊറ്റുങ്കൽ ശമറൈത്തായെ
അത്തിയിൽനിന്നും സ-ക്കായെ
പാപിനിയെ ശെമഓ-ൻ ഭവനെ
ക-ള്ളനു വാതിൽ തുറന്നോനെ
വാതിൽ തുറക്കണമെ-ഞങ്ങൾക്കായ്
മെനഓലം....
4. മശിഹായു-ണ്ടാ ശെമഓൻ ഭ-വനേ
എന്നാ പാപിനി കേ-ട്ട-പ്പോൾ
തിരുസവിധേ-പന്തിയിലെത്തിയഹോ
കണ്ണീരാൽ പാദം-കഴുകി
തലമുടികൊണ്ടവയെ-തോർത്തി
കണ്ണീരവളേറെ-ചിന്തി
അവളുടെ തെറ്റുകൾ മോ-ചിച്ചു
നാഥൻ ചൊന്നാനവളോടായ്
പോവുക നീ സസമാ-ധാനം
**മൊറിയോ റാഹേം..........**

## എത്രോ

ഞങ്ങളുടെ ദൈവമായ കർത്താവേ! ഈ സുഗന്ധ ധൂപത്തെ സ്വീകരിക്കേണമേ. ഈ എണ്ണയിൽ നിന്നും അഭിഷേകം ചെയ്യപ്പെടുന്ന എല്ലാവർക്കും ഇത് ആത്മാവിന്റെയും ശരീരത്തിന്റെയും ആരോഗ്യ

ത്തിനും നീതിമാനായ നോഹിന്റെ പേടകത്തിലുണ്ടായിരുന്നവർക്കെന്ന പോലെ പാപപ്രളയത്തിൽ നിന്നുള്ള കോരിയെടുപ്പിനും ആയിത്തീരത്ത ക്കവണ്ണം അവർണ്ണനീയമയ നിന്റെ കൃപയുടെ രഹസ്യം ഇതിലുണ്ടാക്ക ണമെ. ആ നീതിമാൻ പ്രാവിനെ അയയ്ക്കുകയും സമാധാനത്തിന്റെയും പ്രളയത്തിൽ നിന്നുള്ള രക്ഷയുടെയും അടയാളമായ സൈത്തില, അതിന്റെ വായിൽ വഹിക്കുകയും അപ്പോഴുണ്ടായിരുന്നവർ മുഖാന്തിരം പിന്നീടുള്ളവർക്ക് കൃപാരഹസ്യം നീ മുമ്പുകൂട്ടി രൂപീകരിക്കുകയും ചെയ്തു. ദൈവീകമായ നിന്റെ രഹസ്യങ്ങളുടെ പൂർത്തീകരണത്തിനായി സൈത്തിൽ നിന്നും നീ ഫലങ്ങൾ കൊടുക്കുന്നവനും അതിലുള്ളതും അവയേയും പൂർത്തീകരിച്ചവനുമാകുന്നു. ആകയാൽ പിതാവും, പുത്രനും പരിശുദ്ധ റൂഹായുമായുള്ളോവേ! വിശ്വാസത്തോടെ ഈ എണ്ണ യിൽ നിന്നും അഭിഷേകം ചെയ്യപ്പെടുന്നവർക്ക് ഇത് നാശമില്ലാത്ത കൃപയും നീതിയുടെ ആയുധവും ആത്മശരീരങ്ങളുടെ ഐക്യവും പൈശാചികമായ സകല വ്യവഹാരങ്ങളിൽ നിന്നുമുള്ള വീണ്ടെടുപ്പും സകല തിന്മകളിൽനിന്നുമുള്ള സ്വാതന്ത്ര്യവുമായി തീരത്തക്കവണ്ണം നിന്റെ പരിശുദ്ധറൂഹായുടെ ശക്തിയാലും ആവാസത്താലും ഇതിനെ നീ വാഴ്ത്തുമാറാകണമെ. ഹോശോ......

## ഗാനം : മ്ശിഹോ നത്റെഹ് എന്ന രീതി. രാഗം-6

1. മേൽത്തരമാം തൈലം വാങ്ങീ പാപിനി
തൈലക്കാരനൊടായ്
ശെമഓൻ ഭവനേ പോയിയവൾ പാപ-
ക്ഷമ നേടാനായി
കർത്തനെ ദർശച്ചവളവിടെ
നാഥൻ ചാരെ പോകാനാശിച്ചാൾ
ശെമഓൻ അവളോടായ് ചൊന്നാൻ
വാതി-ലിൽ നിന്നും മാറീടാൻ
നീയൊ-രു സ്വൈരിണിയെ
ന്നറിയുന്നുലകം-മുഴുവനുമായ്
ശ്ലോപ്പേന്മാരുടെ കാദീശുകൾ ഏൽക്കുന്നോനേ
പാപം-മോചിച്ചീടണമെ

ബാറെക്മോർ.

ശുബഹോ.... മെലഓലം...

2. സംസാരിച്ചാനുപമകളാൽ ജഗതീ-
രക്ഷകനാം നാഥൻ
കാന്തൻ തന്നെ കാന്തയൊട-
ങ്ങെതിരേ-ൽപാൻ ദീപം പേറി

നിർഗ്ഗതരായൊരു കന്നികളോ
ടൊപ്പം പാർത്താൻ സ്വർഗ്ഗ മഹാരാജ്യം
മുങ്ങി നിദ്രയിലെല്ലാരും
പൊങ്ങി അപ്പോഴാരാവം
വന്നൂ മണവാളൻ
അറിവുള്ളോര-റയിൽ കയറി
അറിവറ്റോരാ വാതിൽക്കൽ തേങ്ങി തേങ്ങി
പ്രലപി-ച്ചയ്യയ്യോ നിന്നു.

## പഴയനിയമവായന

പുറപ്പാട് പുസ്തകം 30:22–38

1 ശമുവേൽ 16:1–13

## ശ്ലീഹാ വായന

വി.യാക്കോബ് 5:10–20

എഫേസ്യർ 1:1–14

## സൂമോറോ

ഹാ - ഹാ-എൻ കുഴലുകൾ ഞാൻ മീട്ടി സുഗന്ധ തൈലത്താൽ ഞാനെന്നെ പൂശി-എന്നരികളെ ഞാൻ ദർശിച്ചു; എൻ ശ്രവണങ്ങൾ എനിക്കെതിരാം അരികളെ സൂക്ഷിക്കും. ഹാ.....

## ഏവൻഗേലിയോൻ

**വി. ലൂക്കോസ് 7:36–50**

(ദർഗ്ഗായിൽ വേണമെന്നില്ല)

എന്നാൽ പരീശന്മാരിൽ ഒരുവൻ അവനോടുകൂടി ഭക്ഷണം കഴിപ്പാൻ തന്നെ ക്ഷണിച്ചു. താൻ ആ പരീശന്റെ ഭവനത്തിൽ പ്രവേശിച്ച് ഭക്ഷണത്തിന് ഇരുന്നു. ആ പട്ടണത്തിൽ പാപിനിയായ ഒരു സ്ത്രീ ഉണ്ടായിരുന്നു. താൻ പരീശന്റെ ഭവനത്തിൽ പന്തിക്കിരിക്കുന്നുവെന്ന് അവൾ അറിഞ്ഞിട്ട് ഒരു കുപ്പി പരിമളതൈലം എടുത്തുകൊണ്ടുചെന്നു. പിമ്പിൽ തന്റെ കാലുകളുടെ അടുക്കൽ നിന്നുകൊണ്ട് കരയുകയും അവളുടെ കണ്ണുനീരുകൊണ്ട് കാലുകൾ നനയ്ക്കുകയും തലമുടികൊണ്ട് അവ തുടയ്ക്കുകയും കാലുകൾ ചുംബിക്കുകയും പരിമളം പൂശുകയും ചെയ്തു. തന്നെ ക്ഷണിച്ച ആ പരീശൻ ഇത് കണ്ടിട്ട് ഉള്ളിൽ ചിന്തിച്ച് തന്നത്താൻ പറഞ്ഞു. “ഇവൻ പ്രവാചകൻ ആയിരുന്നു എങ്കിൽ ഇവനെ തൊടുന്ന സ്ത്രീ ആര്; അവളുടെ ചരിത്രം എന്ത്; എന്ന് അറിയുമായി

രുന്നു". യേശുതമ്പുരാൻ തിരിഞ്ഞ് അവനോട്: "ശെമഓനെ, ഒരു കാര്യം എനിക്ക് നിന്നോട് പറയുവാനുണ്ട്" എന്നരുളിച്ചെയ്തു. അവൻ തന്നോട്: "ഗുരുവേ! പറയുക" എന്ന് പറഞ്ഞു. യേശുതമ്പുരാൻ അവനോട് പറഞ്ഞു. "കടം കൊടുക്കുന്ന ഒരുവന് രണ്ട് കടക്കാരുണ്ടായിരുന്നു. ഒരുവൻ അവന് അഞ്ഞൂറ് ദീനാറാകളും, മറ്റവൻ അൻപത് ദീനാറാകളും കടപ്പെട്ടിരുന്നു. അവർക്ക് വീട്ടുവാൻ ഒന്നുമില്ലാതിരുന്നതിനാൽ, രണ്ടുപേർക്കും അവൻ ഇളച്ചുകൊടുത്തു. അവരിൽ ആര് അവനെ കൂടുതൽ സ്നേഹിക്കും?" ശെമഓൻ ഉത്തരമായിട്ട്: "കൂടുതൽ ഇളച്ചുകിട്ടിയവൻ എന്ന് ഞാൻ വിചാരിക്കുന്നു" എന്ന് പറഞ്ഞു. യേശുതമ്പുരാൻ അവനോട് "നീ ശരിയായി പറഞ്ഞിരിക്കുന്നു" എന്ന് അരുളിച്ചെയ്തിട്ട്, ആ സ്ത്രീയുടെ അടുക്കലേക്ക് തിരിഞ്ഞുകൊണ്ട് ശെമഓനോട്: "ഈ സ്ത്രീയെ നീ കാണുന്നുവോ? ഞാൻ നിന്റെ ഭവനത്തിൽ പ്രവേശിച്ചു. എന്റെ കാലുകൾക്ക് നീ വെള്ളം തന്നില്ല. ഇവളോ, അവളുടെ കണ്ണുനീരുകൊണ്ട് എന്റെ കാലുകൾ കഴുകി. അവളുടെ മുടികൊണ്ട് അവയെ തുടച്ചിരിക്കുന്നു. നീ എണ്ണകൊണ്ട് എന്റെ തല പൂശിയില്ല. എന്നാൽ ഇവളോ സുഗന്ധതൈലം കൊണ്ട് എന്റെ കാലുകൾ പൂശിയിരിക്കുന്നു. നീ എനിക്ക് ചുംബനം തന്നില്ല. ഇവളോ ഞാൻ പ്രവേശിച്ചപ്പോൾ മുതൽ നിർത്താതെ എന്റെ കാലുകളെ ചുംബിച്ചിരിക്കുന്നു. ഇതുനിമിത്തം അവളുടെ ഏറിയ പാപങ്ങൾ അവളോട് ക്ഷമിക്കപ്പെട്ടിരിക്കുന്നു. എന്തെന്നാൽ അവൾ ഏറെ കഷ്ടപ്പെട്ടിരിക്കുന്നു. കുറച്ച് ക്ഷമിക്കപ്പെട്ടവൻ കുറച്ച് സ്നേഹിക്കുന്നു. താൻ ആ സ്ത്രീയോട്: "നിന്റെ പാപങ്ങൾ നിന്നോട് ക്ഷമിക്കപ്പെട്ടിരിക്കുന്നു" എന്ന് അരുളിച്ചെയ്തു. പന്തിക്കിരുന്നവരോ: "പാപങ്ങളെ ക്ഷമിക്കുന്ന ഇവൻ ആരാകുന്നു?" എന്ന് ഉള്ളിൽ പറയുവാൻ തുടങ്ങി. യേശുതമ്പുരാൻ ആ സ്ത്രീയോട്: "നിന്റെ വിശ്വാസം നിന്നെ രക്ഷിച്ചിരിക്കുന്നു: സമാധാനത്തോടെ പോവുക" എന്ന് അരുളിച്ചെയ്തു.

## ലുത്തിനിയ

നാം എല്ലാവരും നല്ലവണ്ണം നിന്നുകൊണ്ട് ജാഗ്രതയോടും ദൈവത്തെ നിരപ്പാക്കുന്ന ശബ്ദങ്ങളാലും 'കുറിയേലായിസ്സോൻ' എന്ന് ഉത്തരമായി പറയണം.

കുറിയേലായിസ്സോൻ

ദൈവമായ കർത്താവേ! ഈ എണ്ണ സന്തോഷദായക തൈലവും ശുദ്ധീകരിക്കുന്ന തൈലവും രാജകീയ വസ്ത്രവും ശത്രുവിന്റെ സകല ശക്തിയേയും നശിപ്പിക്കുകയും നിലംപതിപ്പിക്കുകയും ചെയ്യുന്ന ആയുധവുമായി തീരുമാറകണമേയെന്ന് കർത്താവിനോട് നാം പ്രാത്ഥിക്കണം.

കുറിയേലായിസ്സോൻ

ഇതിൽനിന്നും അഭിഷേകം ചെയ്യപ്പെടുന്ന സകലർക്കും ഹൃദയ സന്തോഷവും നിത്യമായ ആനന്ദവും ഉണ്ടാകുവാനും പാപത്തിന്റെ സകല പഴക്കത്തിൽ നിന്നും പുതുക്കവും സകല ഭയത്തിൽ നിന്നും വീണ്ടെടുപ്പും പ്രദാനം ചെയ്യുന്ന എണ്ണയായി ഇത് തീരുവാനും ഇതിനാൽ ശോഭയോടും വിശുദ്ധിയോടും കൂടി ആകാശത്തിലെ നക്ഷത്രങ്ങളെപ്പോലെ അവർ പ്രശോഭിക്കുവാനും അവർക്ക് അത് കടങ്ങളുടെ പരിഹാരത്തിനും പാപങ്ങളുടെ മോചനത്തിനും ആത്മശരീരങ്ങളുടെ സൗഖ്യത്തിനും ആരോഗ്യത്തിനും ആയിത്തീരുവാനും കർത്താവിനോട് നാം പ്രാർത്ഥിക്കണം.

കുറിയേലായിസ്സോൻ

ദൈവമായ കർത്താവേ! ഈ നാഴികയിൽ അവരെ ഓർക്കണമെന്ന് ഞങ്ങളോട് കൽപിച്ചിട്ടുള്ള സത്യവിശ്വാസികളും സത്യക്രിസ്ത്യാനികളുമായ ഞങ്ങളുടെ സഹോദരന്മാരായ എല്ലാവരെയും ഈ നേരത്ത് നീ ഓർക്കണമേ. കർത്താവേ! അവരുടെ രക്ഷയ്ക്ക് വിഹിതമായിട്ടുള്ളതെല്ലാം അവർക്ക് കൊടുക്കണമെ. വീണ്ടും കർത്താവേ! ഈ നേരത്ത് ഞങ്ങളോടുകൂടി സന്നിഹിതരായി ഞങ്ങളുടെ ബലഹീനപ്രാർത്ഥനകൾ യാചിക്കുന്ന ഈ നിന്റെ ദാസരെ നീ ഓർക്കണമെ. കാരുണ്യവാനായ കർത്താവേ! അവർക്ക് കടങ്ങളുടെ മോചനം നൽകുകയും അവരുടെ പാപങ്ങൾ മായിക്കുകയും അവർക്ക് ആത്മശരീരങ്ങളുടെ സൗഖ്യം നൽകുകയും ചെയ്യണമെ. കാരുണ്യവാനായ കർത്താവേ! ഞങ്ങളെല്ലാവരുടെമേലും കൃപ ചെയ്യണമെന്ന് നിന്നോട് ഞങ്ങൾ പ്രാർത്ഥിക്കുകയും നിന്നിൽ നിന്ന് അനുഗ്രഹങ്ങളെ യാചിക്കുകയും ചെയ്യുന്നു.

കുറിയേലായിസ്സോൻ

സ്വർഗ്ഗീയ മണവാളനായുള്ളോവേ! നിന്നോടുകൂടെ ആത്മീയ അത്താഴം ഞങ്ങൾക്ക് ഒരുക്കണമെ. നിന്റെ പ്രകാശമണവറയിലേക്ക് ഞങ്ങളെ ക്ഷണിക്കണമെ. ജ്ഞാനികളായ കന്യകമാരുടെ ആത്മാക്കളോടുകൂടി ദീപ്തിയിൽ പ്രകാശിക്കുന്ന ദീപനാളങ്ങളുമായി തിരുമുൻപാകെ ഞങ്ങൾ കാണപ്പെടുവാനും അവരോടുകൂടെയും അവരുടെ ഇടയിലും ഇപ്പോഴും എല്ലായ്പ്പോഴും എന്നേയ്ക്കും ഒരുമിച്ച് നിന്നെ സ്തുതിപ്പാനും കീർത്തിപ്പാനും ഞങ്ങളെ യോഗ്യരാക്കേണമെ. ഞങ്ങൾ അട്ടഹസിച്ച് മൂന്ന് പ്രാവശ്യം കുറിയേലായിസ്സോൻ എന്ന് പറയുന്നു.

കുറിയേലായിസ്സോൻ
കുറിയേലായിസ്സോൻ
കുറിയേലായിസ്സോൻ

# രണ്ടാമത്തെ ശുശ്രൂഷ

## പ്രാരംഭ പ്രാർത്ഥന

ശുബഹോ.....

ബലഹീനരും........

എന്റെ കർത്താവേ! നിന്റെ കൃപയാൽ എന്നെ വിളിച്ച് നിന്റെ അടുക്കലേക്ക് അടുപ്പിക്കുകയും നിന്റെ ദാസനും ശുശ്രൂഷക്കാരനുമായി എന്നെ ആക്കിത്തീർക്കുകയും ചെയ്തിരിക്കുന്നുവല്ലോ. ഞങ്ങൾ വെടിപ്പോടും വിശുദ്ധിയോടും കൂടെ തിരുമുമ്പാകെ നിൽപാനും നിർമ്മലതയിൽ ഞങ്ങളുടെ അരകൾ കെട്ടിക്കൊണ്ട് നിന്റെ കാരുണ്യമാകുന്ന എണ്ണകൊണ്ട് ഞങ്ങളുടെ ദീപങ്ങൾ തെളിച്ച് ദാവീദിനെപ്പോലെ "ദൈവമേ! നിന്റെ കൃപ പോലെ എന്റെ മേൽ അനുഗ്രഹം ചെയ്യണമെ" എന്ന് അട്ടഹസിച്ചു പറയുവാനും ഞങ്ങളെ യോഗ്യരാക്കണമെ.

ഹോശോ.....

**മസുമൂർ:** ദൈവമേ നിന്റെ കൃപ പോലെ......

## എനിയോനോ

1. പുണ്യപ്രദനാകും-നീ മാത്രം കരുണാ
മൂർത്തീ-ദേവേശാ!
ധൂർത്താത്മജനെപ്പോലെന്നെ
കൈക്കൊള്ളുക കൃപ ചെ-യ്കെ-ന്നിൽ
2. പരിശുദ്ധൻ താതാ-പരിശുദ്ധത നൽ-
കുന്നോനാം ദേവേശാ!
വിമലത നൽകീടാൻ
ഈ എണ്ണയെ നിൻ കൃപയാൽ
നിർമ്മ-ലമാ-ക്ക.
3. തന്നുടെ ദാനാൽ-ശ്ലീഹരെ വിജ്ഞാനി
കളാക്കി-യ ദൈവസുതാ!
വിമലത നേടാനീ
എണ്ണയെ നിന്നുടെ കൃപയാൽ
നിർമ്മല-മാ-ക്ക
4. തീനാവാൽ ശ്ലീഹരെ-വിജ്ഞാനികളാ-ക്കിയ
റൂഹായാം പരനെ
ശുദ്ധീകൃതമാക്കാനീ
തൈലത്തെ -നിന്നുടെ കൃപയാൽ പാവ-നമാക്ക

5. തന്നുടെ ദാനത്താൽ വാനിടവാതിൽ
തുറക്കണമേ–ദേവേശാ!
വാഴ്വേറ്റീടാനീ
തൈലം–നിൻ കൃപയാൽ വാഴ്ത്തീ–ടണമെ
6. ആമോദിക്കുന്നീ–ക്കൂദാശാഭിഷേക–
ങ്ങ–ളിൽ ദേവേശാ!
ഇവയ്ക്കടിയാരെ
യോഗ്യരതാക്കിയ ഈശന്നായ് സ്തുതി പാടീടും
7. അഹറോൻ പോൽ മേൽപട്ടക്കാരൻ
വഴി ദാനം നൽകീടാൻ
റൂഹായെത്തുന്നത്
കണ്ടഗ്നിമയർ കൂറുന്നാശ്ചര്യം

ബാറെക്മോർ

ശുബഹോ......
മെനഓലം........

8. മഹിമത്രയമാകും–ത്രീയേകന്നേകത്ര
യനാം–ദേവേശൻ!
താതാത്മജ പാവനറൂഹാ–
സത്യേകപരന്നായ് ഉയരട്ടേ സ്തോത്രം.
സ്തൗമെൻകാലോസ്
കുറിയേലായിസ്സോൻ.

## പ്രൊമിയോൻ

പാപികൾക്കായി തുറക്കപ്പെട്ടിരിക്കുന്ന കരുണയുടെ വാതിലും മരണമുള്ളവരെ ജീവിപ്പിച്ച ജീവന്റെ ഉറവയും അശുദ്ധന്മാരെ വെടിപ്പാക്കുന്ന, വിശുദ്ധീകരിക്കുന്ന സോപ്പായും കറ പിടിച്ചവരെ ധവളമാക്കുന്ന വെണ്മ വരുത്തുന്ന തളിപ്പും ദോഷികൾക്കായി അർപ്പിച്ച സംയോജന ധൂപവുമായ തനിക്ക് സ്തുതി. ഉത്തമനായ തനിക്ക് ദൈവീകമായ ഈ എണ്ണ വിശുദ്ധീകരിക്കപ്പെടുന്ന ഈ നേരത്തും സകല പെരുനാളുകളിലും നേരങ്ങളിലും നാഴികകളിലും കാലങ്ങളിലും ഞങ്ങളുടെ ആയുഷ്ക്കാലമൊക്കെയിലും സ്തുതിയും ബഹുമാനവും ആരാധനയും യോഗ്യമാകുന്നു.

ബ്കുലഹൂൻ...........

## സെദ്റാ

പുണ്യവാനും പരിശുദ്ധനും ഞങ്ങളുടെ സകല പിഴകളും ക്ഷമിക്കുന്നവനും, പാപികളെ അനുതാപത്തിലേക്ക് വിളിക്കുകയും, ആരാധ

കരിൽനിന്നും കരുണ വിരോധിക്കാതിരിക്കുകയും ചെയ്യുന്നവനും, മനുഷ്യരുടെ സകല രഹസ്യ-പരസ്യങ്ങളും സൂക്ഷ്മനിരീക്ഷണം ചെയ്യുന്നവനും, ഗൂഢവും പ്രത്യക്ഷവുമായ അവരുടെ എല്ലാ പാപങ്ങളും തിരുസന്നിധിയിൽ സ്പഷ്ടമായിരിക്കുന്നവനും, ഞങ്ങൾ പ്രവർത്തിച്ചിട്ടുള്ള നിസ്സാരമോ ഗൗരവമോ ആയ ഏതൊന്നും വിസ്മൃതമായിരിക്കാതെ തന്റെ ഭയങ്കര സിംഹാസനത്തിൻ മുമ്പാകെ വെളിപ്പെട്ടിരിക്കുകയും, തന്റെ സൈന്യങ്ങളുടെ, അതായത് മാലാഖമാരുടെയും മനുഷ്യരുടെയും സംഘത്തിന്റെ രംഗത്ത് അവയെ വ്യക്തമാക്കുന്നവനും, തന്റെ കരുണാബഹുലതയ്ക്ക് അന്തമില്ലാത്തവനും, ആദാമ്യമക്കളുടെ സകല പാപങ്ങളെയുംകാൾ തന്റെ കരുണ സമൃദ്ധമായും തന്റെ ദയാഭണ്ഡാരം ഐശ്വര്യമേറിയും ഇരിക്കുന്നവനുമായ ദൈവമേ! എല്ലാ പിതാക്കന്മാരുടെയും, പിതൃതലവന്മാരുടെയും പ്രതീക്ഷയാകുന്ന ഞങ്ങളുടെ ദൈവം തമ്പുരാനേ! നിന്റെ കരുണയുടെ വലിയ വാതിലിൽ മുട്ടുന്ന സകല പാപികൾക്കും പരിഹാരം നൽകണമെന്ന് നിന്നോട് ഞങ്ങൾ അപേഭിക്കുന്നു. നീ കാരുണ്യവാനും ആർദ്രത ഏറിയവനെന്നും സൃഷ്ടിയുടെ നാശത്തിൽ ആഗ്രഹിക്കാത്തവനെന്നും മുൻകൂട്ടി ഞങ്ങളെ കാണിച്ചിരിക്കുന്നു. ഇത് ഹേതുവായിട്ട് കരുണയും ദയയും നിറഞ്ഞ കർത്താവേ! ബലഹീനരും പാപികളുമായ നിന്റെ ദരിദ്രദാസരായ ഞങ്ങൾ നിന്നോട് അപേക്ഷിച്ച് യാചിക്കുന്നു. കരുണാപൂർണ്ണമായ നിന്റെ വലത്തു തൃക്കൈ ഞങ്ങളുടെമേലും ഞങ്ങളുടെ മുമ്പാകെ വയ്ക്കപ്പെട്ടിരിക്കുന്ന ഈ എണ്ണയിൽമേലും ആവസിപ്പിച്ച്, പ്രവാചക ശ്രേഷ്ഠനും നിന്റെ കർതൃത്വത്തെ പ്രീതിപ്പെടുത്തിയവനുമായ മോശ മൂലം അഭിഷേകതൈലകൊമ്പിനെയും, പാപിനിയുടെ തൈലപാത്രത്തെയും നീ വാഴ്ത്തിയതുപോലെ ഈ എണ്ണയാൽ അഭിഷേചിക്കപ്പെടുന്നവർക്ക് ഇത് സ്വസ്ഥതയ്ക്കും സകല ദുർവികാരങ്ങളിൽ നിന്നും വിവിധ രോഗങ്ങളിൽ നിന്നും ആത്മശരീരങ്ങളുടെ മാലിന്യങ്ങളിൽ നിന്നുമുള്ള വീണ്ടെടുപ്പിനുമായി തീരത്തക്കവണ്ണം ദൈവീകമായ നിന്റെ വാഴ്വാൽ ഇതിനെയും വാഴ്ത്തണമെ. എന്റെ കർത്താവേ! ഞങ്ങളുടെ കടങ്ങൾ പരിഹരിക്കുകയും അവരുടെ അകൃത്യങ്ങൾ ക്ഷമിക്കുകയും ചെയ്യണമെ. നിന്റെ രാജ്യത്തിലെ പേരേടിൽ അവരുടെ നാമങ്ങൾ എഴുതുകയും നിന്റെ അവകാശത്തിൻ മക്കളായി അവരെ ആക്കിത്തീർക്കുകയും ചെയ്യേണമെ. എന്റെ കർത്താവേ! നിന്റെ വിശുദ്ധന്മാരുടെ സംഘങ്ങളിൽ അവരെ ആക്കിത്തീർക്കുകയും ചെയ്യണമെ. എന്റെ കർത്താവേ! നിന്റെ വിശുദ്ധന്മാരുടെ സംഘങ്ങളിൽ അവരെ കലർത്തുകയും നിന്റെ കുഞ്ഞാടുകളുടെ തൊഴുത്തിൽ അവരെ എണ്ണുകയും നിന്റെ രാജ്യത്തിലേക്ക് പ്രവേശിക്കുവാൻ ഞങ്ങളെയും ഞങ്ങളുടെ മരിച്ചുപോയവരെയും യോഗ്യരാക്കുകയും ചെയ്യണമെ. നിന്റെ തിരുവിഷ്ടത്തെ പ്രസാദിപ്പിച്ചിട്ടുള്ള സകലരോടും കൂടെ നിന്റെ ദർശന

ത്താൽ ഞങ്ങൾ ഇമ്പപ്പെടുകയും നിന്റെ മേശയിങ്കൽ സന്തോഷിക്കുകയും തിരുമുഖത്തെ ആനന്ദം കൊണ്ട് സംതൃപ്തരാകുകയും ചെയ്യുമാറാകണമെ. ഞങ്ങളും അവരും നിനക്കും നിന്റെ പിതാവിനും ജീവനുള്ള നിന്റെ പരിശുദ്ധറൂഹായ്ക്കും സ്തുതിയും സ്തോത്രവും കരേറ്റുമാറാകണമെ.

ഹോശോ.....

## എനിയോനോ

## (ദർഗ്ഗായ്ക്ക് താഴെ)

## മസുമൂർ

**1.** കർത്താവിനെ അവന്റെ ശുദ്ധസ്ഥലത്ത് നിന്ന് സ്തുതിപ്പിൻ. അവന്റെ ശക്തിയുടെ ആകാശത്തട്ടിൽ അവനെ സ്തുതിപ്പിൻ.

സീനായ് മലയേ-തിരുവാസാൽ
പാവനമാക്കിയ -പരിശുദ്ധാ!
വന്നു വസിച്ചീ-തൈലത്തെ
നിർമ്മലമാക്കി-തീർക്കണമെ.

2. അവന്റെ വല്ലഭത്വത്തിൽ അവനെ സ്തുതിപ്പിൻ. അവന്റെ ശ്രേഷ്ഠതയുടെ ബഹുത്വത്തിൽ അവനെ സ്തുതിപ്പിൻ.

സീനായിൽ താൻ-താണെത്തി
മോശയ്ക്കായ് കൈ-വയ്പേകി
മോശയതഹറോനായ് നൽകി
വന്നതു യോഹന്നാനോളം.

3. കൊമ്പിന്റെ ശബ്ദത്താൽ അവനെ സ്തുതിപ്പിൻ. തംബുരുകളാലും വീണകളാലും അവനെ സ്തുതിപ്പിൻ.

നിബിയർ മൂലം-ഭാഷിച്ചോൻ
ശ്ലീഹന്മാരിൽ-പാർത്തവനാം
റൂഹാ വന്നീ തൈലത്തേയും
നിർമ്മലമാക്കിത്തീർക്കണമെ.

4. തപ്പുകളാലും കിന്നരങ്ങളാലും അവനെ സ്തുതിപ്പിൻ. മാധുര്യമുള്ള കമ്പികളാൽ അവനെ സ്തുതിപ്പിൻ.

പ്രാവെന്നോണം-താണെത്തി
സുതനുടെ ശിരസിൽ-വാണവനാം
റൂഹാ വന്നീ തൈലത്തെ
നിർമ്മലമാക്കി തീർക്കണമെ.

5. നാദമുള്ള കൈത്താളങ്ങളാൽ അവനെ സ്തുതിപ്പിൻ. ശബ്ദത്താലും ആർപ്പുവിളിയാലും അവനെ സ്തുതിപ്പിൻ. എല്ലാ ശ്വാസവും കർത്താവിനെ സ്തുതിപ്പിൻ.

മാളികയിൽ ശ്ലീ-ഹന്മാർമേൽ
ആവാസം ചെ-യ്തോൻ മശിഹാ
വന്നു വസിച്ചീ തൈലത്തെ
പാവനമാക്കി തീർക്കട്ടെ

ബാറെക്മോർ

ശുബഹോ.........

6. സ്തുത്യൻ പരിശു-ദ്ധൻ താതൻ
തിരുസുതനെ പ്രേ-ഷിപ്പിച്ചോൻ
നിർമ്മല ഗർഭേ വാണവനും
സിദ്ധത സിദ്ധർക്കായ് നൽകി

മെനഓലം.........

7. ശമുവേൽ നിബിയെ-ജഠരത്തിൽ
നിർമ്മലമാക്കിയ-വിമലാത്മൻ
വന്നുവസിച്ചീ തൈലത്തെ
നിർമ്മലമാക്കി തീർക്കണമെ.

## പ്രാർത്ഥന

ദൈവികമായ നൽവരങ്ങളെ ദാനം ചെയ്യുന്നവനായ ഞങ്ങളുടെ മശിഹാതമ്പുരാനേ! നിന്നിൽനിന്നുള്ള വിശുദ്ധിയാൽ ഞങ്ങളെ നീ ശുദ്ധീകരിച്ച് ഞങ്ങളുടെ കർത്താവും എന്നേയ്ക്കും ഞങ്ങളുടെ ദൈവവുമേ! പരിശുദ്ധമായ ഈ ശുശ്രൂഷയ്ക്ക് മതിയാകുവാൻ തക്കവണ്ണം, നിന്റെ വിശുദ്ധ റൂഹായുടെ ദാനത്തിന് ഞങ്ങളെ സംബന്ധികളാക്കി തീർക്കേണമേ. മോറാൻ വാലോഹാൻ ല്ഒൽമീൻ.

**ശുശ്രൂഷക്കാരൻ:** ദിവ്യജ്ഞാനം ശ്രദ്ധിച്ചുകൊണ്ട് നാമെല്ലാവരും നല്ലവണ്ണം നിന്ന്.......

**മേൽപട്ടക്കാരൻ:** സർവ്വശക്തിയുള്ള പിതാവായി.....

**(ദർഗ്ഗായിൽ കയറി നിൽക്കുന്നു)**

## രഹസ്യപ്രാർത്ഥന

ഈ ശുശ്രൂഷയുടെ ഓഹരിക്ക് ഞങ്ങളെ ആക്കിവച്ച, വിശുദ്ധ സൈന്യങ്ങളുടെ ദൈവമായ കർത്താവേ! മനുഷ്യരുടെ ബോധങ്ങൾക്ക് ജ്ഞാനം കൊടുക്കുകയും ഹൃദയങ്ങളെയും അന്തരിന്ദ്രിയങ്ങളെയും പരി

ശോധിക്കുകയും ചെയ്യുന്നവനായ സൈന്യങ്ങളുടെ ദൈവമായ കർത്താവേ! നിന്റെ കരുണാബഹുലതയാൽ ഞങ്ങളെ ചെവിക്കൊള്ള ണമെ. ആത്മാക്കളുടെയും ശരീരങ്ങളുടെയും എല്ലാവിധമായ കറക ളിൽനിന്നും ഞങ്ങളെ വെടിപ്പാക്കണമെ. ഞങ്ങളുടെ കടങ്ങളെയും പാപ ങ്ങളെയും മൂടൽമഞ്ഞുപോലെ കടത്തിക്കളയണമെ. നിന്റെ ശക്തിയാലും നിന്റെ വ്യാപാരത്താലും നിന്റെ പുതിയ നിയമത്തിന്റെ ശുശ്രൂഷകന്മാ രായി ഞങ്ങളെ ആക്കിത്തീർക്കേണമെ. അങ്ങനെ നിന്റെ മുമ്പാകെ നിൽപാനും നിന്റെ ദിവ്യരഹസ്യങ്ങൾ ശുശ്രൂഷിച്ച് ആചാര്യവേല ചെയ്‌വാനും ഞങ്ങളെ യോഗ്യരാക്കണമെ. അന്യപാപങ്ങൾക്ക് സംബ ന്ധികൾ ആകുവാൻ ഞങ്ങളെ വിട്ടുകളയരുതേ. ഞങ്ങൾ തെറ്റായി എന്തെങ്കിലും ചെയ്യുവാൻ ഇടയാകാതെ യോഗ്യതയുള്ളവരെ തെരഞ്ഞെ ടുത്ത് നിനക്ക് സമർപ്പിക്കുവാൻ ഞങ്ങൾക്ക് ജ്ഞാനം നൽകണമെ.

ഹോശോ.... ആമ്മീൻ....

## പ്രാർത്ഥന

### (കൈകൾ വിരിച്ച് ഉച്ചത്തിൽ)

തന്റെ ദാസരുടെ ആത്മാക്കൾക്ക് വിഭാഗിക്കുവാൻ തക്കവണ്ണം തന്റെ വചനം സകല സൗഖ്യ സിദ്ധികൊണ്ടും നിറഞ്ഞതും തന്റെ ശക്തി സകല സഹായ വൃത്തികളും വഹിക്കുന്നതുമായ യഥാർത്ഥ വൈദ്യ നായ ദൈവമായ കർത്താവേ! ഞെരുക്കങ്ങളിൽനിന്നും വേഗത്തിൽ വിടു തൽ പ്രാപിപ്പാനും, ശരീരങ്ങളിൽനിന്നും ജ്വരം ഇല്ലായ്മ ചെയ്യുവാനും, സകല ആരോഗ്യവും പ്രദാനം ചെയ്യുവാനും, ഈ എണ്ണയാൽ അഭി ഷേകം ചെയ്യപ്പെടുന്ന ഗാത്രങ്ങളിലെ എല്ലാ രോഗങ്ങൾക്കും സൗഖ്യം കണ്ടെത്തുവാനുമായിട്ട് ഇത് വേദനയുള്ളവരെ സഹായിക്കുന്നതും, ഞെരുക്കത്തിൽ ഇരിക്കുന്നവരെ ആശ്വസിപ്പിക്കുന്നതും, ദു:ഖിതരെ സന്തോഷിപ്പിക്കുന്നതും, പ്രയാസങ്ങൾ അനുഭവിക്കുന്നവരെയും കഠിന രോഗങ്ങളിൽ വീണിരിക്കുന്നവരെയും ആശ്വസിപ്പിക്കുന്നതുമായി തീരു വാൻ തക്കവണ്ണം ഈ എണ്ണയിൽ സകല സഹായങ്ങളും നിറഞ്ഞ വൈദ്യശക്തി വസിപ്പിക്കേണമെ. പിതാവും പുത്രനും, പരിശുദ്ധറൂഹാ യുമായുള്ളോവേ! ഇതുകൊണ്ട് ഞങ്ങളുടെ പക്കൽ നീ ചെയ്യുന്ന സൗഖ്യ വൃത്തിയും ആരോഗ്യദാനവും മുഖാന്തിരം സ്തുതിയും സ്തോത്രവും വാഴ്ത്തപ്പെട്ടവനായ ഞങ്ങളുടെ ദൈവമേ! നിനക്ക് ഞങ്ങൾ കരേറ്റുവാൻ യോഗ്യരായിത്തീരുമാറാകണമേ.

ഹോശോ......

## രഹസ്യപ്രാർത്ഥന

ഞങ്ങളുടെ ദൈവമായ കർത്താവേ! നിന്റെ വായിലെ വചനം പൂർത്തീകരിക്കേണമെ. ഞങ്ങളുടെ കർത്താവും, രക്ഷകനും ദൈവവുമായ യേശുമശിഹായാകുന്ന ഏകജാതനായ പുത്രന്റെ കൃപയും കരുണയും മനുഷ്യസ്നേഹവും മൂലം, ഈ തൈലത്താൽ ഞങ്ങളുടെ ബോധനീയ വചനങ്ങളിലും നീ വസിച്ച് സന്ദർശിച്ച് വ്യാപരിച്ച് ഏവൻഗേലിയോന്യ വചനം ത്വരിതപ്പെടുത്തി ഉത്സാഹിക്കപ്പെടുമാറാകണമെ. തന്നോടുകൂടി നിത്യമായി നിന്റെ പുത്രനിൽനിന്നും സാരാംശമായി എടുക്കുന്ന നിന്റെ ഏകജാതനാം പുത്രനും സകല ശക്തിയും സകല ഔന്നത്യങ്ങളും സകല ബഹുമതികളും യോഗ്യമാകുന്നു.

ഹോശോ.... ആമ്മീൻ.....

## (കൈകൾ വിരിച്ച് ഉച്ചത്തിൽ)

കർത്താവേ! ഞങ്ങളുടെ സഹായത്തിന് വരണമെ. ഞങ്ങളുടെ അപേക്ഷയുടെ ശബ്ദം കേൾക്കണമെ. ധാരാളമായ നിന്റെ കരുണയാൽ നിന്റെ കൂദാശകളുടെ ശുശ്രൂഷക്കാരായ ഞങ്ങളുടെ സൗഖ്യത്തിനും, വിശ്വാസപൂർവ്വം ഞങ്ങളുടെ ബലഹീനതയോട് അപേക്ഷിക്കുന്നവരുടെ രഹസ്യവും പരസ്യവുമായ എല്ലാ രോഗങ്ങളുടെയും സഹായത്തിനും ആശ്വാസത്തിനും മതിയായ പരിശുദ്ധാത്മദാനം നൽകിയിട്ടുള്ളവനായ, കരുണയും ആർദ്രതയും നിറഞ്ഞ കർത്താവേ! നിന്നെ വിളിക്കുന്ന പാപികളായ നിന്റെ ദാസരായ ഞങ്ങളുടെ നിലവിളിയുടെ ശബ്ദം ഇപ്പോൾ ശ്രദ്ധിക്കേണമെ. ഭയങ്കരമായ അധർമ്മങ്ങളുടെ ബഹുലത നിമിത്തം ഞങ്ങളിൽനിന്നും നിന്റെ നോട്ടം പിൻതിരിച്ചുകളയരുതേ. എന്നാലോ, ഞങ്ങളുടെ പക്കലേക്ക് നീ തിരിഞ്ഞ്, മേലുള്ള സ്വർഗ്ഗത്തിന്റെ വാതിലുകൾ തുറന്ന് നിന്റെ കരുണാദൃഷ്ടികളാൽ ഞങ്ങളിൽ സൂക്ഷിച്ചുനോക്കി, നിന്റെ ശ്രീഭണ്ഡാരത്തിൽ നിന്നും ഞങ്ങളുടെ യാചനകൾക്ക് ഉത്തരമരുളി, പിതാവും പുത്രനും പരിശുദ്ധ റൂഹായുമേ! നിന്നെ ഞങ്ങൾ ഇപ്പോഴും എല്ലായ്പോഴും സ്തോത്രം ചെയ്ത് വന്ദിക്കുവാനായിട്ട്, ഈ എണ്ണയാൽ സത്യവിശ്വാസത്തോടെ അഭിഷേകം ചെയ്യപ്പെടുന്ന എല്ലാവർക്കും ശാരീരിക വേദനകളിൽ നിന്നും ആത്മാവിന്റെ രോഗങ്ങളിൽ നിന്നും സൗഖ്യവും വിടുതലും ഉണ്ടാകുവാൻ തക്കവണ്ണം ഞങ്ങളുടെമേലും തിരുമുമ്പാകെ വയ്ക്കപ്പെട്ടിരിക്കുന്ന ഈ എണ്ണമേലും നിന്റെ പരിശുദ്ധറൂഹായെ അയയ്ക്കണമെ.

ഹോശോ.....

## രഹസ്യപ്രാർത്ഥന

സകല ദാനങ്ങളും നൽകുന്നവനും ബോധനീയങ്ങളായ സകല പൂർണ്ണതകളുടെയും ദാതാവും, പരിശുദ്ധറൂഹായുടെ പൂർണ്ണവും പരി പൂർണ്ണവുമായ സകല ദാനങ്ങളാലും പരിശുദ്ധ ശ്ലീഹന്മാരെ നിറയ്ക്കു കയും, അഗ്നിനാവുകളുടെ സാദൃശ്യത്തിൽ പാറക്കലീത്താറൂഹായെ അവരുടെമേൽ ചീന്തുകയും, അവരെ ശുദ്ധീകരിക്കുകയും അവർക്ക് ജ്ഞാനവും ദിവ്യദാനങ്ങളും അവർണ്ണനീയമായ രഹസ്യങ്ങളും കൊടു ക്കുകയും ചെയ്തവനുമായ കർത്താവേ! അവിടുന്ന് ഇപ്പോഴും പരിശു ദ്ധവും ദിവ്യവുമായ റൂഹായുടെ ദാനം ഞങ്ങളുടെ മേലും ഈ എണ്ണ യുടെ മേലും ചീന്തുമാറാകണമെ. അതിനാൽ നിന്റെ ചീന്തപ്പെട്ട അനു കമ്പയുടെ സൗന്ദര്യത്തിന്റെ ശക്തി ഞങ്ങൾക്ക് നൽകണമെ. അങ്ങനെ വൈഷമ്യത്തിൽ കഴിയുന്നവരെ രക്ഷിക്കുകയും രോഗികളായവരെ സുഖ പ്പെടുത്തുകയും ഞെരുക്കമനുഭവിക്കുന്നവരെ സുഖപ്പെടുത്തുകയും ദു:ഖിതരെ ആശ്വസിപ്പിക്കുകയും ദുഷ്ടനാൽ പരീക്ഷിക്കപ്പെടുന്നവരെ സ്വാതന്ത്ര്യപ്പെടുത്തുകയും സത്യവിശ്വാസത്തിലേക്ക് തിരിയുന്നവരെ പൂർണ്ണമായി വെടിപ്പാക്കി വിശുദ്ധീകരിക്കുകയും ചെയ്യുമാറാകണമെ. എന്തുകൊണ്ടെന്നാൽ നീ ശക്തിമാനും മഹത്വമുള്ളവനുമാകുന്നു. പിതൃ പുത്ര പരിശുദ്ധാത്മാവാം ദൈവമേ! സ്വർഗ്ഗത്തിലും ഭൂമിയിലും സ്തുതിയും ആരാധനയും നിനക്ക് കടപ്പെട്ടിരിക്കുന്നു.

ഹോശോ...ആമ്മീൻ....

## പ്രാർത്ഥന

### (കൈകൾ വിരിച്ച് ഉച്ചത്തിൽ)

വലിയവനും, അനാദ്യന്തനും നൽവരങ്ങളിലും മനം മടുക്കാത്ത ദാനങ്ങളിലും സമ്പന്നനും തന്റെ ദാസനായ മോശ മുഖാന്തിരം ദൃഷ്ടാ ന്തപരമായ അഭിഷേകത്താൽ ന്യായപ്രമാണ ആചാര്യന്മാരെയും, രാജാ ക്കന്മാരെയും നിബിയന്മാരെയും, നീതിമാന്മാരെയും പൂർത്തീകരിച്ച് സ്ഥിരീകരിക്കുകയും ചെയ്ത പിതൃ പുത്ര പരിശുദ്ധാത്മാവാം ദൈവമേ! വെള്ളത്താലും ആത്മാവാലും പരിശുദ്ധ മൂറോന്റെ പുണ്യപൂർത്തീകര ണത്താലും, രഹസ്യസൂചകമായ മുദ്രയാലും ദൈവീകമായി വീണ്ടും ജനിക്കുന്നവർക്ക് നൽകപ്പെടുന്ന പുത്രസ്വീകാര്യമാകുന്ന കൃപാദാനം പ്രാപിപ്പാൻ, ഒരുങ്ങി നോക്കി പാർക്കുന്നവർക്ക്, ആദ്യാഭിഷേകമായിത്തീ രുവാൻ തക്കവണ്ണം, വയ്ക്കപ്പെട്ടിരിക്കുന്ന ഈ എണ്ണയ്ക്ക് പരിശുദ്ധാത്മ ദാനമായ സമൃദ്ധിയേറിയ കൃപ, എന്നുമെന്നേയ്ക്കും ദാനം ചെയ്യണമെന്ന് ആത്മീയമായി കഴുത്ത് വണക്കിയും മുട്ട് മടക്കിയും കൊണ്ട് ഞങ്ങൾ അപേക്ഷിക്കുന്നു.

ഹോശോ... ആമ്മീൻ....

**ശുശ്രൂഷക്കാരൻ:** കരുണയുള്ള കർത്താവിന്റെ മുമ്പാകെ നാം തല കുനിക്കണം.

**ജനം:** ഞങ്ങളുടെ കർത്താവും, എന്നേയ്ക്കും ഞങ്ങളുടെ ദൈവവുമേ! തിരുമുമ്പാകെ ഞങ്ങൾ തലകുനിക്കുന്നു.

**മേൽപട്ടക്കാരൻ:** നിങ്ങൾക്കെല്ലാവർക്കും സമാധാനം ഉണ്ടായിരിക്കട്ടെ.

**ജനം:** അവിടുത്തെ ആത്മാവിനും ഉണ്ടായിരിക്കട്ടെ.

**മേൽപട്ടക്കാരൻ:** (തെഹവേ ..... +++) മഹത്വമുള്ളതും സൃഷ്ടിയല്ലാത്തതും........

**ജനം: ആമ്മീൻ.**

## രോഗികൾക്കുവേണ്ടി

**(എണ്ണയെ മൂന്ന് പ്രാവശ്യം കുരിശ് വരച്ച് മുദ്രകുത്തിക്കൊണ്ട് പ്രധാനാചാര്യൻ പറയുന്നു)**

മനുഷ്യരുടെ ആശ്വാസത്തിനായി നീ സൃഷ്ടിച്ചിട്ടുള്ള ഈ എണ്ണയെ പിതാവാം ദൈവമേ! നിന്റെ നാമത്തിലും നിന്റെ പുത്രനായ ഏകജാതന്റെ നാമത്തിലും, നിന്റെ പരിശുദ്ധ റൂഹായുടെ നാമത്തിലും ഞാൻ മുദ്രകുത്തുന്നു.+++

എന്റെ കർത്താവേ! നിന്റെ ഏകജാതനാം പുത്രൻ തന്റെ പരിശുദ്ധ ശ്ലീഹന്മാരോട്: "നിങ്ങൾ വിവിധ രോഗങ്ങൾകൊണ്ട് ഞെരുങ്ങിയിരിക്കുന്നവരെ എന്റെ നാമത്തിൽ എണ്ണ പൂശി സൗഖ്യപ്പെടുത്തുവീൻ" എന്ന് കൽപിച്ച് അരുളിച്ചെയ്തതു പോലെ, ഇപ്പോഴും ഉത്തമനും കരുണ വളരെയുള്ളവനുമെ! നിന്റെ സകല പരിശുദ്ധന്മാരുടെയും പ്രാർത്ഥനകളാൽ അദൃശ്യവും സഹായം നിറഞ്ഞതുമായ നിന്റെ വലതുകൈ ഇതിന്മേൽ ആവസിപ്പിക്കണമെ. സൗഖ്യദായകമായ നിന്റെ ശക്തി ഇതിൽ കലർത്തപ്പെടുമാറാകണമെ. വിശ്വാസപൂർവ്വം ഇതിൽനിന്നും അഭിഷേകം ചെയ്യപ്പെടുന്ന എല്ലാവരിൽനിന്നും രഹസ്യവും പരസ്യവുമായ നൊമ്പരങ്ങളും, രോഗങ്ങളും മാഞ്ഞുപോവുകയും അശുദ്ധപിശാചുക്കൾ നീക്കപ്പെടുകയും ദുരാത്മാക്കളും, ശരീരത്തിന്റെയും ആത്മാവിന്റെയും സകല ഉപദ്രവങ്ങളും, പായിക്കപ്പെടുകയും ചെയ്യുമാറാകണമെ. നിന്റെയും നിന്റെ പുത്രനായ ഏകജാതന്റെയും നിന്റെ പരിശുദ്ധ റൂഹായുടെയും പരിശുദ്ധ തിരുനാമം ഇതിനാൽ മഹത്വീകരിക്കപ്പെടുവാൻ തക്കവണ്ണം നിന്റെ പരിപൂർണ്ണ സൗഖ്യദായകശക്തി ഇതിൽ വസിപ്പിക്കണമെ.

ഹോശോ..... ആമ്മീൻ.....

## മാമോദീസായ്ക്കുവേണ്ടി

സുഗന്ധവാസനയായി തന്നെതന്നെ ഞങ്ങൾക്കുവേണ്ടി അർപ്പിക്കുകയും തന്നെ സ്വീകരിപ്പാൻ യോഗ്യതയുള്ളവരെ ആന്തരീകമായ തന്റെ പരിമളവാസനയാൽ നിറച്ച് അഭിഷേകം ചെയ്യുന്നവനുമായ മശിഹാതമ്പുരാനേ! സന്തോഷ തൈലത്താൽ ഞങ്ങൾ അഭിഷേകം ചെയ്യപ്പെടുവാനും നിന്റെ പരിശുദ്ധ സഭയിൽ ഇമ്പമുള്ളവരായിത്തീരുവാനും ഞങ്ങൾക്ക് സംഗതിയാക്കണമെ. അതിന്റെ മക്കൾ നിന്റെ പരിശുദ്ധ തൈലത്താൽ റൂശ്മാ ചെയ്യപ്പെടുകയും അടയാളമിടപ്പെടുകയും ചെയ്തുകൊണ്ട് സ്തുതി ശബ്ദങ്ങളാൽ എന്റെ കർത്താവേ! നിന്നെയും നിന്റെ പിതാവിനെയും ജീവനുള്ള നിന്റെ പരിശുദ്ധ റൂഹായേയും സ്തുതിച്ച് സ്തോത്രം ചെയ്യുമാറാകണമെ.

ഹോശോ... ആമ്മീൻ.....

### പ്രധാനാചാര്യൻ എണ്ണയെ മുദ്ര കുത്തിക്കൊണ്ട് പറയുന്നു.

ഈ പരിശുദ്ധ എണ്ണ, ഇതിനാൽ പ്രകാശിക്കപ്പെടുവാനിരിക്കുന്നവരുടെ വെടിപ്പിനും, നാശകനായ ദുഷ്ടനിൽനിന്നുള്ള കാവലിനും ആയിത്തീരക്കത്തക്കവണ്ണം, വരുവാനിരിക്കുന്ന ലോകത്തിലെ പുതിയ ജീവനായി, പിതാവിന്റെയും, പുത്രന്റെയും പരിശുദ്ധറൂഹായുടെയും നാമത്തിൽ മുദ്ര കുത്തപ്പെട്ടിരിക്കുന്നു. +++

(കൗമാ)

ബാക്കി നമസ്ക്കാരം

തൂയോബോ

വി. കുർബ്ബാന

***************************